# മാനസാന്തരപ്പെടുക

## മത്തായി 4:17

**“അന്നുമുതൽ യേശു സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന് പ്രസംഗിച്ച് തുടങ്ങി”**

യോഹന്നാൻ സ്നാപകന്റെ കാലം മുതൽ തുടങ്ങി യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാ കാലത്തിലും, അതിനു ശേഷമുള്ള ക്രൂശുമരണത്തിന്നും, ഉദ്ദാനത്തിന്നും ശേഷവും പ്രസംഗിക്കപ്പെട്ടതും ഇന്നും നാം ആയിരിക്കുന്ന കാലഘട്ടത്തിലും പ്രഘോഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നതുമായ ഒരു വിഷയമാണ് മാനസാന്തരം എന്നുള്ളത്. ഇത് കേൾക്കുമ്പോൾ അത് രക്ഷിക്കപ്പെടാത്ത, ദൈവത്തെ അറിയാത്ത ഒരു വ്യക്തിക്കു വേണ്ടി മാത്രമുള്ളതാണ് എന്ന് പലരും ധരിച്ചു വെച്ചിരിക്കുന്നു. എന്നാൽ എന്താണ് യഥാർത്ഥമായ മാനസാന്തരം കൊണ്ട് യേശു ഉദ്ദേശിച്ചത്?

പ്രിയരേ, താൻ സഞ്ചരിച്ച വഴി തെറ്റായിപ്പോയി എന്ന തിരിച്ചറിവുണ്ടാവുമ്പോൾ അതുവരെ ജീവിച്ച വഴികളെ ഉപേക്ഷിച്ച് രക്ഷകനായ ദൈവത്തിങ്കലേക്ക് തിരിയുന്നതാണ് യഥാർത്ഥമായ മാനസാന്തരം. മനസ്സിനുണ്ടാകുന്ന രൂപാന്തരത്തിലൂടെ ഒരുവന്റെ ചിന്തകളും, കാഴ്ചപ്പാടുകളും, തീരുമാനങ്ങളും, പ്രവൃത്തികളും മാറ്റപ്പെടുകയാണ് ഇവിടെ സംഭവിക്കുന്നത്. അപ്പോൾ രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ മാനസാന്തരം ആവശ്യമാണോ? തീർച്ചയായും. കാരണം ധൂർത്തപുത്രന്റെ ഉപമയിൽ നാം കാണുന്നത്, സ്വന്തം പിതാവിന്റെ ഭവനത്തിൽ സ്നേഹവും കരുതലും അനുഭവിച്ച് ജീവിച്ചവൻ അതെല്ലാം ഉപേക്ഷിച്ച് സ്വന്തവഴി തേടിപ്പോയി. എന്നാൽ അവന്നു സുബോധം വീണപ്പോൾ അവനുണ്ടായ തിരിച്ചറിവ് വീണ്ടും പിതാവിങ്കലേക്ക് മടങ്ങി വരുവാൻ ഇടയാക്കി. അപ്പോൾ ധൂർത്തപുത്രൻ തെറ്റിപ്പോയത് പിതാവിനെ അറിയാഞ്ഞതുകൊണ്ടല്ല, അറിഞ്ഞിട്ടും അവൻ മനപ്പൂർവ്വം തിരഞ്ഞെടുത്ത വഴി അവനെ നാശത്തിലെത്തിച്ചു എന്നതാണ്.

അതുപോലെ തന്നെ കാണാതെപോയ ആടിന്റെ ഉപമയിൽ 99 ആടുകളെയും വിട്ട് കാണാതെപോയ ഒന്നിനെ തേടിച്ചെന്ന് തോളിൽ എടുത്തുകൊണ്ട് വരുന്ന നല്ല ഇടയനെ നാം കാണുന്നു. ഇതുപോലെ പാപികളായിരുന്ന നമ്മെ അവൻ തേടിവന്നു. തന്റെ ജീവൻ തന്ന് വീണ്ടെടുത്തു. എന്നിട്ടും ആ സ്നേഹത്തെ ഗണ്യമാക്കാതെ പോയാൽ മറ്റൊന്നിനും നമ്മെ രക്ഷിക്കാനാവില്ല. ആയതിനാൽ ദൈവസ്നേഹം അനുഭവിച്ച, ദൈവമക്കളായ നമുക്കും, വീണുപോകാൻ സാധ്യതകൾ ഏറെയുണ്ട് എന്ന് നാം മറന്നു പോകരുത്. അഥവാ

വീണുപോയാൽ ഈ മടങ്ങിവരവ് ഒരിക്കലും താമസിക്കരുത്, കാരണം നമ്മെ നിത്യതയിൽ ചേർക്കുവാൻ നമ്മുടെ കർത്താവ് വീണ്ടും വരാറായി.

അതുകൊണ്ട് പ്രിയ ദൈവപൈതലെ നമ്മുടെ യഥാർത്ഥമായ മാനസാന്തരത്തിനും മടങ്ങിവരവിനുമായി കാത്തിരിക്കുന്ന ഒരു സ്നേഹവാനായ പിതാവ് നമുക്കുണ്ട്. നമുക്കായി അനേകം വാസസ്ഥലങ്ങൾ അവൻ ഒരുക്കി വെച്ചിരിക്കുകയാണ്. അതുകൊണ്ട് വചനപ്രകാരം നമ്മുടെ ജീവിതത്തെ ശോധനചെയ്ത്, ദൈവീകസ്വഭാവത്തിന് ചേരാത്ത സകലത്തെയും വിട്ടുകളയാം. മനസ്സുപുതുക്കി ഒരു പുതിയസൃഷ്ടിയായി മാറാം. ഉപേക്ഷിച്ചതിലേക്ക് വീണ്ടും തിരിഞ്ഞു നോക്കാതെ നിത്യതയെ ലക്ഷ്യമാക്കി മുന്നേറാം. അതിന്നായി പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**

**അപ്പൊ. പ്രവൃത്തികൾ 3:19-20**

ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന്ന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ. എന്നാൽ കർത്താവിന്റെ സന്നിധിയിൽ നിന്ന് ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്ക് മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയയ്ക്കുകയും ചെയ്യും

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 083**